# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2023
സെപ്റ്റംബർ 10


## ഏലിയ രണ്ടാം ഞായർ



# മൺതരുകളിൽ നിന്നുയരും വിളി

ഏശ 30:18-26, വെളി 12:1-6 മത്തായി: 13 :1-9, 18-23

'ഒരു പിടി മണ്ണിൽ ഒരായിരം വിസ്മയങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. സംശയമുണ്ടെങ്കിൽ ഒരു പിടി മണ്ണെടുത്ത് ഒരു കുഞ്ഞു ചട്ടിയിലിട്ട്, ഒരു ചെറു തൈ വയ്ക്കുക. വസന്തം വിരിയുന്നത് കാണാം'- (ക്രിസ്തുമരം)

വയലിലെ ലില്ലിയുടെയും ആകാശത്തിലെ പറവയുടെയും, മണ്ണിലൊളിപ്പിച്ച നിധിയുടേയും തോട്ടത്തിനു നടുവിലെ അത്തിയുടെയും, മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെയും കളയും വിളയും ഒരുമിച്ചു വളർത്തുന്ന യജമാനന്റെയും കഥ പറഞ്ഞ യേശു, മറ്റൊരു കഥ ആരംഭിക്കുന്നത് ഇങ്ങനെയാണ്: ഒരു വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു, ദൈവപുത്രനായ അവൻ തുടർന്ന് പറയുകയാണ് ആ വിതക്കാരൻ ദൈവമാണെന്നും വിതച്ചത് വചന വിത്തുകളാണെന്നും.

### മണ്ണെന്ന നാം

വിതക്കാരന്റെ ഉപമയിൽ മനുഷ്യരായ നാം നിലമാണെന്നാണ് യേശു പറഞ്ഞു വയ്ക്കുന്നത്. മനുഷ്യാ, നീ മണ്ണാകുന്നുവെന്ന പ്രപഞ്ച സത്യത്തിന്റെ ഓർമ്മപ്പെടുത്തലും, ഭൂമിയുടെ അനന്ത സാധ്യതകൾ നിന്നിലുണ്ടെന്ന പ്രത്യാശയുടെ സന്ദേശവുമുണ്ട് ആ വാക്കുകളിൽ. ഒരു വിത്തിനെയും നാല് തരം നിലങ്ങളേയും പരിചയപ്പെടുത്തിയിട്ട് യേശു ഉയർത്തുന്ന ചോദ്യം ഇതാണ്, നിന്റെ ഉള്ളിലുള്ളത് ഏതു തരം മണ്ണാണ്?

കാഴ്ചയുടെയും കേൾവിയുടെയും ആവേശമല്ല, ധ്യാനത്തിന്റെ ആഴപ്പെടലാണ് ആവശ്യമെന്ന് വഴിയരികിലെ വിത്ത് പ്രഘോഷിക്കുന്നു. ആരെയും ഒന്നിനെയും സ്വീകരിക്കാൻ തയ്യാറാകാത്ത, പാരമ്പര്യങ്ങളാലും അനുഷ്ഠാനങ്ങളാലും ഉറഞ്ഞു കഠിനമായി പോയ മണ്ണിൽ വചനത്തിനു വേരോട്ടമുണ്ടാകില്ലെന്ന് പാറപ്പുറത്തെ വിത്ത് സങ്കടപ്പെടുന്നു. സഹനങ്ങൾക്കും പ്രലോഭനങ്ങൾക്കും നടുവിൽ ഉറച്ചു നിൽക്കാനും പൂവണിയാനും സഹായിക്കുന്ന എന്തെങ്കിലും നിന്റെ മണ്ണിലുണ്ടോ എന്ന്




വിജയ് പി. ജോയി

മുൾച്ചെടികൾക്കിടയിലെ വിത്ത് ചോദ്യമുന്നയിക്കുന്നു. വചനത്തിന് മുളപൊട്ടാനും കൊയ്ത്താവാനും കഴിയും വിധം പാകപ്പെടുത്തിയെടുത്ത താണീ മണ്ണെന്ന് നല്ല നിലത്തെ വിത്ത് സന്തോഷം പങ്കുവയ്ക്കുന്നു.

ഉണ്ടാക്കിയെടുക്കേണ്ടതാണ് നല്ല നിലങ്ങൾ. വഴിയരികിൽ നിന്നും വേർതിരിച്ച്, മുള്ളുകളെയും കളകളെയും പറിച്ചു നീക്കി, കല്ലുകളും മൺകട്ടകളും ഇടിച്ചു പൊടിയാക്കി, കിളച്ചും നനച്ചും രൂപപ്പെടുത്തിയെടുക്കേണ്ടവ. നിരന്തരമായ അദ്ധ്വാനവും പരിപാല നയും അതിനാവശ്യമാണ്. ആത്മീയ തയിലെ ജാഗ്രതയും ജീവിതത്തിലെ ലാളിത്യവും ഇടപെടലുകളിലെ സ്നേഹാർദ്രതയും വാക്കിലും പ്രവൃത്തിയിലും പങ്കുവയ്ക്കുന്ന പ്രത്യാശയുമെല്ലാം ചേരുമ്പോഴാണ് നമ്മിലെ മണ്ണ് നല്ല നിലമായി പരുവപ്പെടുക.

ആ നല്ല നിലത്തു നിന്നുള്ള വിളവ് നൂറ് മേനിയാകണം എന്നു പോലും ദൈവം ശഠിക്കുന്നില്ല. അറുപത് മേനിക്കും മുപ്പത് മേനിക്കും അവിടുന്ന് വില കല്പിക്കുന്നുണ്ട്. പത്ത് നീതിമാ ന്മാരെന്ന അളവിന് പോലും ഒരു ദേശത്തെ രക്ഷിക്കാനാകുമെന്നാണ് സോദോമിനു മുമ്പിൽ വച്ച് ദൈവം അബ്രാഹത്തിനു നൽകിയ ഉറപ്പ്.

'ഹൃദയ വയലുകളിൽ നന്മയുടെ നാമ്പുകളുണ്ടെന്ന് ഉറപ്പു വരുത്തുക യാണ് പ്രധാനം'- ബോബിയച്ചൻ

വിളവ് നൽകുന്ന മണ്ണാണ് നാമെന്നു തിരിച്ചറിയുന്നുണ്ടെങ്കിൽ അതിൽ ആദ്യം വിരിയേണ്ടത് നന്ദിയുടെ നറുമലരുകളാകണം. വിയർപ്പും കണ്ണീരും ചേർത്ത് അപ്പം നൽകിയ മാതാപിതാക്കൾ, ഓരോരോ ചിരാതുകൾ തെളിയിച്ചു തന്ന ഗുരുജനങ്ങൾ, നിസ്വാർത്ഥരായ സമർപ്പിതർ, കരുത ലേകിയ സഹോദരങ്ങൾ, ചേർത്തുപിടിച്ച ചങ്ങാതിമാർ ഇവരെല്ലാം ചേർന്നാണ് നമ്മിലെ നല്ല നിലം രൂപപ്പെടുത്തിയത്. അതിനാൽ ദൈവം-മനുഷ്യർ-പ്രകൃതി ഇവരിൽ നിന്നെല്ലാം ലഭിച്ച ദാനങ്ങൾ ക്കുള്ള കൃതജ്ഞതയാകണം നമ്മിൽ നിന്നും വിളവെടുക്കുന്ന ഫലങ്ങൾ.

'ഹേ ഭൂമി,നിന്നിൽ നിന്നും ഞാൻ എടുക്കുന്നതെല്ലാം വീണ്ടും മുളച്ചു വളരട്ടെ'- (ലൗദാത്തോ സി)

## മണ്ണെന്ന അടിസ്ഥാനം

വിളവേകുന്ന മണ്ണിന്റെ വിസ്തൃതി ഒരിഞ്ചെങ്കിലും വലുതാക്കാനാണ് ദൈവമാകുന്ന വിതക്കാരൻ ആവശ്യപ്പെ ടുന്നത്. വിതക്കാരന്റെ യാത്ര സത്യത്തിൽ നല്ല നിലം തേടിയുള്ള യാത്ര കൂടിയാണ്.

കറുപ്പോ വെളുപ്പോ ചെമപ്പോ ആയാലും നിർജീവമെന്നു കരുതുന്ന മണ്ണാണ് ഭൂമിയിലെ ജീവനും ജീവജാലങ്ങൾക്കുമിടയിലെ പ്രധാന പാലം. ഭക്ഷ്യശൃംഖലയിലെ ആദ്യ കണ്ണിയായ ചെടികളുടെ നിലനിൽപ്പ് മുതൽ അംബരചുംബികളായ കെട്ടിടങ്ങളുടെ നിലനിൽപ്പ് വരെ മണ്ണിനെ അടിസ്ഥാനപ്പെടുത്തി യിരിക്കുന്നു.

പാറ പൊടിഞ്ഞാണ് മണ്ണുണ്ടാ കുന്നത് എന്നത് ഏറ്റവും നിസ്സാരമായ ഒരു പ്രസ്താവനയാണ്. പാറ പൊടി യാനും ആ പൊടി മണ്ണാകാനും വർഷങ്ങളുടെ കാത്തിരിപ്പ് ആവശ്യമാണ്. ഓരോ പിടി മണ്ണിനും വളരെ നീണ്ട കഥകൾ പറയാനുണ്ടാകും. കടന്നു പോയ സാഹചര്യങ്ങളുടെ, സമ്മർദ്ദങ്ങളുടെ, പ്രവാഹങ്ങളുടെ, പ്രക്രിയകളുടെ.

ആ മണ്ണിൽ നിന്നുമുണ്ടായ വലിയ വിസ്മയമാണ് മനുഷ്യൻ. അവന്റെ ജീവിതവും മരണവും മണ്ണുമായി ബന്ധപ്പെട്ടിരിക്കുന്നു. മണ്ണിൽ നിന്ന് നേടിയെടുത്തതെല്ലാം മണ്ണിനു തിരികെ നൽകുന്നതാണ് മരണം. മണ്ണോട് എത്ര ചേർന്ന് നിൽക്കുന്നുവോ അത്രമാത്രം സുരക്ഷിതമാണ് അവന്റെ ജീവൻ. അതിനാൽ മണ്ണിനെ സംരക്ഷിക്കുക, നല്ല നിലങ്ങൾ ഒരുക്കുക എന്നതൊക്കെ മനുഷ്യന്റെ സ്വരക്ഷ ഉറപ്പാക്കൽ കൂടിയാണ്. മണ്ണിനെ മാറ്റി നിറുത്തിയിട്ട് നമുക്കൊരു ജീവിതമോ വികസനമോ ആത്മീയത പോലുമോ സാധ്യമല്ല.

## മണ്ണിന്റെ ദൈവീകത

പ്രപഞ്ചത്തിലെ കോടാനുകോടി ആകാശഗോളങ്ങളിൽ ജീവൻ തുടിക്കുന്ന ഏകഗോളം ഭൂമിയാണ്. ദൈവം കൈയിലെടുത്തെന്നു കരുതാവുന്ന കൊച്ചു പന്ത്. ഭൂമിക്കിണങ്ങിയ ജീവിതം നയിക്കുക, മണ്ണിനോടൊപ്പമായിരിക്കുക എന്നൊക്കെ പറഞ്ഞാൽ ദൈവത്തോടൊപ്പമാ യിരിക്കുക എന്നാണതിന്റെ പൊരുൾ. ടാഗോർ ഗീതാഞ്ജലിയിൽ കുറിക്കുന്നത് ഇങ്ങനെയാണ്,

'കന്നിമണ്ണ് കിളച്ചു മറിക്കുന്നവന്റെയും

കരിമ്പാറ പൊട്ടിച്ച് പാത തീർക്കുന്നവന്റെയും കൂടെയാണവൻ.

വെയിലിലും മഴയിലും അവരോടൊപ്പമാണവൻ.

അവന്റെ മേലങ്കി പൊടിയണിഞ്ഞിരിക്കുന്നു'.

ബൈബിൾ ഭാഷയിൽ മണ്ണിലിരി ക്കുക എന്നത് പാപപരിഹാരത്തിന്റെയും തിരിച്ചു വരവിന്റെയും അടയാളമാണ്. വസ്ത്രം കീറി, ചാക്കുടുത്ത്, തറയിലിരുന്ന്, തലയിൽ പൂഴി വിതറി ഈശ്വരപ്രീതി സമ്പാദിച്ചവരുടെ കഥകൾ വേദപുസ്തക താളുകളിൽ നിരവധിയാണ്.

മനുഷ്യൻ ഒരു തുണ്ട് ഭൂമിയാ ണെന്ന് പറയുമ്പോൾ സാധ്യതകൾ ക്കൊപ്പം നിസ്സാരതകളിലേക്കും അത് വിരൽ ചൂണ്ടുന്നുണ്ട്. വലിയ വിളവെടുപ്പ് ഉത്സവങ്ങൾക്കോ ശാസ്ത്രീയ നേട്ടങ്ങൾക്കോ യുദ്ധവിജയങ്ങൾക്കോ മനുഷ്യൻ, മണ്ണിലെ പുഴുക്കൾക്ക് ആഹാരമാകുമെന്ന സത്യത്തെ മൂടി വയ്ക്കാനാവില്ല. ഭൂമിയിലെ മണ്ണ് ഫലഭൂയിഷ്ഠമായതും, മണ്ണായ മനുഷ്യൻ ജീവനുള്ളവനായി തീർന്നതും ദൈവത്തിന്റെ സ്പർശനത്താലും നിശ്വാസത്താലുമാണ്. അങ്ങനെയെങ്കിൽ നാമെന്ന മണ്ണിലെ ദൈവീക സാന്നിധ്യ ത്തിന്റെ അളവാണ് നമ്മുടെ ഊർവ്വരതയ്ക്ക് നിദാനം.

വിതക്കാരനുമായി അഗാധബന്ധ ത്തിലാവുക എന്നതാണ് വിത്തുകൾ വിളവാകാനുള്ള ആദ്യപടി. ഉള്ളിൽ നിക്ഷേപിച്ച വിത്ത് ഏതെന്നും അതിന്റെ സാധ്യതകൾ എത്രയെന്നും കൃത്യമായി അറിവുള്ളവൻ അവനാണ്. അവനോടൊപ്പം അദ്ധ്വാനിക്കാനും ഉള്ളിലെ ദൈവീകതയെ ഖനനം ചെയ്തെടുക്കാനും തയ്യാറായാൽ ഏത് കഠിന പാറയേയും പിളർത്തി വിത്തുകൾ മുള പൊട്ടും, സഹന വേനലിൽ കരി ഞ്ഞുണങ്ങിയാലും പച്ചപ്പിന്റെ പുതുനാമ്പായി ഉയർന്നുപൊങ്ങും, സ്വർഗ്ഗത്തെ എത്തിപ്പിടിക്കാനായി ചില്ലകൾ നീട്ടുന്ന വന്മരമായി അത്

നിവർന്നു നിൽക്കുകയും ചെയ്യും.

ഇനി മുതൽ പൂക്കളെ കണ്ട് മടങ്ങിയാൽ പോരാ, അവയെ സോള മനെക്കാൾ അലങ്കരിക്കുന്ന ദൈവ പരിപാലനയെ ധ്യാനിക്കണം. മഴയാകുന്ന വെള്ളിനൂലുകളാൽ നനഞ്ഞു നടന്നാൽ പോരാ, നൂലിന്റെ അങ്ങേത്തലയ്ക്കലുള്ള കരുതലിൻ കരത്തെ അനുഭവിക്കാനാകണം. പൂക്കൾക്കും പറവകൾക്കും ഒപ്പമുള്ള ദൈവത്തെ അപ്പനായി സ്വീകരിച്ചത് മുതലാണ് അസീസിയിലെ ഫ്രാൻസിസ് സഭയെയും സമൂഹത്തെയും പുതുക്കി പണിയുന്നവനായി രൂപാന്തരം പ്രാപിച്ചത്. പ്രകൃതിക്കിണങ്ങാത്ത ജീവിതം പാപമാണെന്ന സഭയുടെ പഠനങ്ങളെ ഗൗരവമായിട്ടെടുക്കാൻ നാമിനി മടിക്കരുത്. ദൈവസ്പർശമേറ്റ മണ്ണ് കാലിനടിയിലാണെങ്കിലും ഹൃദയത്തിലാകണം അതിനു സ്ഥാനം.

വല്ലപ്പോഴുമൊക്കെ ചെരുപ്പ് ഒന്നൂരി മണ്ണിലൂടെ നടക്കാം. ഒരു പിടി മണ്ണെടുത്ത് വെറുതെ ഒന്ന് നിരീക്ഷി ക്കാം, മണക്കാം. ചെറു ചെടികളെയെ ങ്കിലും നട്ടു വളർത്താം. ഒരു നാഴി മണ്ണിനു വേണ്ടിയുള്ള കലഹങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കാം. ഒരു തുണ്ട് ഭൂമി പോലും ഇല്ലാത്തവരോടും, പിറന്ന മണ്ണിൽ ജീവിക്കാനായി പോരാട്ടങ്ങളിൽ ഏർപ്പെടുന്നവരോടും പക്ഷം ചേരാം. അങ്ങനെ മണ്ണിന്റെ മക്കളാകാം, ദൈവമെന്ന കർഷകന്റെ സന്താനങ്ങളും.

'ഞങ്ങൾ ഈ മണ്ണ് നിങ്ങൾക്ക് നൽകുകയാണെങ്കിൽ നിങ്ങൾ ഓർക്കണം ഇത് പരിശുദ്ധമാണെന്ന്. നിങ്ങളുടെ കുഞ്ഞുങ്ങളെയും പഠിപ്പിക്കണം ഇത് പരിശുദ്ധമാണെന്ന്'- സിയാറ്റിൽ റെഡ് ഇന്ത്യൻ തലവൻ

## മണ്ണെന്ന യാഥാർഥ്യം

കർഷകപുത്രനായതിനാലാണ് വയലും വഴിയും, തീരവും കുന്നിൻ ചരിവുമൊക്ക യേശുവിന്റെ പ്രബോധന വേദികളായത്. മണ്ണിന്റെ മണമുള്ള ആത്മീയതയാണ് അവിടങ്ങളിലെല്ലാം അവൻ പങ്കുവച്ചത്. വിത്തായും വിളയായും കല്ലായും മണ്ണായും ഈ ഭൂമിയിലെ സകല ചരാചരങ്ങളും ദൈവത്തോടും അവന്റെ രാജ്യത്തോടും ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് വിതക്കാരന്റെ ഉപമയിലും അവൻ പറയാൻ ശ്രമിച്ചത്. ആകയാൽ ആ ഉപമയ്ക്ക് നാം നൽകുന്ന വിശദീകരണത്തിലും മണ്ണിന്റെ പശിമയും പൂവിന്റെ സുഗന്ധവും ഇലകളുടെ പച്ചപ്പും ഉണ്ടാകണം.

മനുഷ്യരുടെ അകത്തളങ്ങളിൽ ഒരുക്കേണ്ട ആത്മീയവയലുകൾക്ക് ഒരു അനുബന്ധം, പുറത്ത് കണ്ണുകൊണ്ട് കാണാവുന്നതും കാതുകൊണ്ടു കേൾ ക്കാവുന്നതും കൈകൊണ്ട് തൊടാവു ന്നതുമായ ഒരു ഭൗമീക യാഥാർഥ്യമായി രൂപപ്പെടുത്തേണ്ട ഉത്തരവാദിത്തവും ക്രൈസ്തവനുണ്ട്. മണ്ണിൽ നിന്നും വിത്തിൽ നിന്നും ഏറ്റവും നല്ലത് പുറത്തു വരാനുള്ള മാർഗ്ഗമായ കൃഷിയു മായി ബന്ധപ്പെട്ട പ്രസംഗങ്ങളും പ്രവർത്തനങ്ങളുമാണ് അതിനാവശ്യം. അന്നന്നുവേണ്ട ആഹാരം ഇന്ന് ഞങ്ങൾക്ക് തരണമേയെന്ന പ്രാർത്ഥന തുടർന്നും ഫലമണിയണമെങ്കിൽ, ആകാശപറവകൾക്ക് അവസാനത്തോളം ദൈവപരിപാലന അനുഭവിക്കണമെങ്കിൽ മണ്ണുമായി ബന്ധപ്പെട്ട ചില ഇടപെടലുകളിൽ നാമിനി പ്രത്യേക താല്പര്യം കാണിക്കണം.

## മണ്ണിലേക്കൊരു ചുവട്

വിതക്കാരന്റെ ഉപമയും നൂറു മേനിയുടെ സന്തോഷവുമൊക്കെ പങ്കിട്ട് ദേവാലയത്തിനു പുറത്തേക്കിറങ്ങു മ്പോൾ പൂക്കളും കായ്കളും നിറ ഞ്ഞൊരു തോട്ടം പള്ളിമുറ്റത്തുണ്ടെങ്കിൽ അതാകും യഥാർത്ഥ പ്രഘോഷണവും പ്രചോദനവും. ചുമരുകളും മേൽക്കൂര യുമില്ലാത്ത ഒരു ദേവാലയമാണ് ഈ ഭൂമിയെന്ന പാഠവും, പൂവും പൂക്കളങ്ങളു മൊക്കെ ക്രിസ്ത്യാനിക്ക് നിഷിദ്ധമ ല്ലെന്ന തിരിച്ചറിവും അത് പ്രദാനം ചെയ്യും.

ശാന്തമായിരുന്ന് വചനം വായിക്കാനും വിചിന്തനം ചെയ്യാനും അവസരമുള്ള ഈ സുന്ദര ഭൂമിയെ സംരക്ഷിച്ച്, വരും തലമുറകൾക്ക് കൈ മാറിയാൽ മാത്രമേ നമ്മുടെ മടങ്ങിപ്പോ ക്കിനു ശേഷവും ഇവിടെ നല്ല നിലങ്ങ ളെക്കുറിച്ചു ധ്യാനിക്കാൻ ആരെങ്കിലു മൊക്കെ അവശേഷിക്കൂ. ചന്ദ്രനിലും ചൊവ്വയിലും ജീവൻ കണ്ടെത്തുന്ന തിലും എളുപ്പമാണ് ഭൂമിയെ വാസയോഗ്യമാക്കി നിലനിർത്തുക എന്നത്.

ഭൂമിയെ നല്ല നിലമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനത്ത് നിൽക്കേണ്ട ഉത്തരവാദിത്വം മനുഷ്യനാ ണെന്ന് ഓർമപ്പെടുത്തുന്ന ഫ്രാൻസിസ് പാപ്പായുടെ ലൗദാത്തോ സീക്ക്, ഒരു തുടർച്ചയുണ്ടാകുമെന്ന വാർത്തകൾ കേൾക്കുമ്പോൾ നമ്മുടെ ജീവിതത്തിലും അത്തരം ചില ആശയങ്ങൾക്ക് നിലം ഒരുക്കേണ്ടതല്ലേ...

ഒരു പിടി മണ്ണിനെയും ഒരു പൊട്ടിയ പാത്രത്തെയുമൊക്കെ വിളനില മാക്കി മാറ്റാനാകുമോ എന്നതാകണം നമ്മുടെ ചിന്ത. മാലിന്യം വലിച്ചെറിഞ്ഞ് നല്ല നിലങ്ങളെ ചാവു നിലങ്ങളാക്കാ തിരിക്കാനും കരുതൽ വേണം. വിശാലമായ പള്ളിപ്പറമ്പുകളിൽ കുറച്ചൊരിടം മിയോവാക്കി കാടുകൾ ക്കായി മാറ്റി വയ്ക്കാനാകുമോ എന്ന പാരിസ്ഥിതിക ചിന്ത നമ്മുടെ ചർച്ചക ളിൽ ഇടം പിടിക്കട്ടെ. Natural Christian എന്നൊരു സംജ്ഞ രൂപപെടുത്തി യെടുക്കാനാകുമോ എന്ന ചോദ്യവും സ്വയം ചോദിക്കാവുന്നതുമാണ്.

'വഴിപോക്കരുടെ ദൃഷ്ടിയിൽ ശൂന്യമായിക്കിടന്നിരുന്ന വിജനപ്രദേ ശത്ത് കൃഷിയിറക്കും. അപ്പോൾ അവർ പറയും, ശൂന്യമായി കിടന്ന ഈ സ്ഥലമെല്ലാം ഏദൻതോട്ടം പോലെ യായിരിക്കുന്നു'- (എസെക്കിയേൽ:36: 34-35)

മരിച്ച് മണ്ണടരുകൾക്കുള്ളിൽ കുഴിച്ചു മൂടപ്പെട്ടാലും, മുളപ്പൊട്ടി നിത്യതയിലേക്ക് വളർന്നു വികസിക്കാനാകുമെന്നു തെളിയിച്ചവൻ നിങ്ങൾക്ക് കരുത്തേകട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com